**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4828.** **26/06/2019 -ൽ മറുപടിക്ക്**

**യു.ജി.സി.കരട് ചട്ടം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | **ഡോ.കെ.ടി.ജലീൽ (ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) ഗ്രാമീണ സംസ്കാരം പഠിപ്പിക്കുവാനും, നാടിന്റെ വികസനത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും ലക്ഷ്യമിട്ട് യു.ജി.സി. കരട് ചട്ടം പുറത്തിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഗ്രാമീണ സംസ്കാരം പഠിപ്പിക്കുക, നാടിന്റെ വികസനത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക എന്നീ ലക്ഷ്യങ്ങളോടെ യു.ജി.സി 2019 ൽ ദേശീയ കരിക്കുലം & ഫ്രെയിംവർക്കും, മാർഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. Fostering Social Responsibility & Community Engagement in Higher Education Institutions in India എന്നാണ് മേൽ ആശയത്തിനെ നാമകരണം ചെയ്തിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സമൂഹവും തമ്മിൽ പരസ്പര ബഹുമാനവും സഹവർത്തിത്തവും വളർത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ല ഭരണ സംവിധാനം, പ്രാദേശിക സംരംഭകർ തുടങ്ങിയവരെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ആശയം. ഈ രീതിയിലുള്ള പഠന-സമ്പർക്ക പരിപാടികൾ സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ മാത്രമല്ല, എല്ലാ ധാരയിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും നിർബന്ധമാക്കണമെന്നാണ് മേൽ രേഖയിൽ പറഞ്ഞിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്രെഡിറ്റ് നൽകേണ്ടതാണെന്നും യു.ജി.സി രേഖയിൽ പറയുന്നുണ്ട്. |
| (ബി) ഈ ചട്ടം സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്നു മുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | യു.ജി.സി കരട് ചട്ടം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല. യു.ജി.സി കരട് ചട്ടത്തിലെ ആശയത്തോട് ഏറെ സമാനതകളുള്ള പ്രബുദ്ധത പദ്ധതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**